ശ്രീ. തച്ചടി പ്രഭാകരൻ : ഞാൻ ഇത് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞതാണ്, ഗവൺമെന്റിന് അങ്ങനെയുള്ള ഒരു നയവുമില്ല. പരിശീലനം പൂർത്തിയാക്കിയവരുടെ കാര്യത്തിൽ ഗവൺമെന്റിന് അവരെ ഉപയോഗപ്പെടുത്താൻ കഴിയാത്തതുകൊണ്ട് ജോലി കൊടുക്കാൻ സാധിക്കുന്നില്ലെന്നു മാത്രമേയുള്ളു. അക്കാര്യത്തിൽ മറ്റു പ്രത്യേക നയമൊന്നുമില്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ : സ്റ്റൈപ്പെൻഡ്, യൂണിഫോം, അലവൻസ് ബോണസ് സമ്പ്രദായം ഈ മൂന്നു മുഖ്യമായ വിഷയങ്ങളും ദീർഘകാലമായി അവർക്ക് അംഗീകരിച്ച് നടപ്പിലാക്കിക്കൊണ്ടിരുന്നതാണ്. ആ ആനുകൂല്യങ്ങളും നിർത്തൽ ചെയ്യുകയും പരിശീലനം കഴിഞ്ഞു വരുന്നവർക്ക് ജോലി കിട്ടുമെന്നുള്ള ഉറപ്പിലുമുള്ള സാഹചര്യത്തിലുമാണ് ഇവിടെ സമരം ചെയ്യുന്നത്. ഇങ്ങനെയുള്ള സാഹചര്യത്തിൽ നിലവിലുള്ള ആനുകൂല്യങ്ങളും നിഷേധിക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ നയമാണോ ? സംസ്ഥാനമൊട്ടാകെ ഏകകണ്ഠമായി ഈ ആവശ്യം പുനഃസ്ഥാപിച്ചു കിട്ടണമെന്ന് ആവശ്യപ്പെട്ട് സമരങ്ങളും നടത്തുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യത്തിൽ എന്തെങ്കിലും തീരുമാനമുണ്ടാക്കി പ്രശ്നം അവസാനിപ്പിക്കുന്നതിന് ഗവൺമെന്റ് മുൻകൈ എടുക്കുകയോ ശ്രമം നടത്തുകയോ ചെയ്തിട്ടുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഇപ്പോഴും പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥികളുടെ ഒരു രീതിയിലുള്ള ആനുകൂല്യങ്ങളും ഈ ഗവൺമെന്റ് കട്ട് ചെയ്തിട്ടില്ല. 1987 മുതൽ സ്റ്റൈപ്പെൻഡ് ഒഴിച്ചുള്ള ആനുകൂല്യങ്ങളും നിഷേധിക്കപ്പെട്ടതുകൊണ്ട് വിദ്യാർത്ഥികളും കോഴ്സിന് ചേരാൻ വരുന്നില്ലെങ്കിൽ അപ്പോഴും അതിനെക്കുറിച്ച് ആലോചിക്കാം.

ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട്

* 165 [184] ശ്രീ. പി. കുമാരൻ :
,, കെ. പി. പ്രഭാകരൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കെ. ടി. കുണാരൻ :
,, എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണ് അംഗീകാരം ലഭിച്ചതെന്നും അത് സ്ഥാപിക്കുന്നതിന് ഇതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :
(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കുമാരൻ : കേന്ദ്ര ആരോഗ്യ സഹമന്ത്രിയായിരുന്ന ശ്രീ. പി. കൃഷ്ണകുമാർ, തിരുവനന്തപുരം ആയുർവേദ കോളേജിൽ വച്ച് കേരളത്തിൽ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും എന്ന് പ്രസ്താവിച്ചത് ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : പൂജപ്പുരയിലുള്ള ആയുർവേദ ബിരുദാനന്തര പഠന കേന്ദ്രം ഒരു ഇൻസ്റ്റിറ്റ്യൂട്ട് ആക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നമ്മുടെ ആവശ്യം അംഗീകരിച്ചിട്ടില്ല. സാമ്പത്തിക പ്രതിസന്ധിയാണ് അതിനു കാരണം. സാമ്പത്തിക പ്രതിസന്ധികഴിയുമ്പോൾ അത് പരിഗണിക്കാവുന്നതാണ്.

ശ്രീ. പി. കുമാരൻ : കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ഒരു ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ ഉള്ള ശ്രമം ഈ സർക്കാർ ചെയ്യുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഇക്കാര്യം വീണ്ടും കേന്ദ്ര ഗവൺമെന്റ് പരിഗണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് രണ്ടുപ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിട്ടുണ്ട്.

ശ്രീ. കെ.പി. പ്രഭാകരൻ : ബഹുമാനപ്പെട്ട മന്ത്രി ഇല്ലെന്നു പറഞ്ഞത് എന്ത് അടിസ്ഥാനത്തിലാണെന്ന് എനിക്ക് അറിയില്ല. പൂജപ്പുരയുള്ള പോസ്റ്റ് ഗ്രാഡ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഒരു ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടാക്കി മാറ്റാമെന്ന് 1979-ൽ കേന്ദ്രഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചതാണ്. അതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസലുകൾ സമർപ്പിക്കാനായി സ്റ്റേറ്റ് ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. പല പ്രൊപ്പോസലുകളും അന്നുതന്നെ ഗവൺമെന്റിന്റെ മുന്നിലുണ്ടായിരിന്നു. ഇപ്പോൾ ഈ ഗവൺമെന്റ് വന്നതിനുശേഷം ഏറ്റവും ഒടുവിലായി 1985 മാർച്ചിൽ കേന്ദ്ര ഗവൺമെന്റിന്റെ അഡ്വൈസർ ശ്രീ. എസ്. കെ. മിശ്രയും യൂണിയൻ ഹെൽത്ത് സെക്രട്ടറി ശ്രീ. വേണുഗോപാലും ഇവിടെ വരുകയും ഇവിടെയുള്ള ഇതിന്റെ പ്രൊജക്ട് ഓഫീസറുമായും ഹെൽത്ത് സെക്രട്ടറിയുമായും ചർച്ച ചെയ്തത് അതിന്റെ സാമ്പത്തിക ബാദ്ധ്യതകളെല്ലാം വച്ചുകൊണ്ട്. ഒരു പ്രൊപ്പോസൽ കൊടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അതനുസരിച്ച് ഇക്കഴിഞ്ഞ 2-4-1985-ൽ തന്നെ പ്രൊപ്പോസൽ കൊടുത്തിട്ടുള്ളതാണ്. അതിനെക്കുറിച്ച് ഇവിടത്തെ പ്രൊജക്ട് ഓഫീസറെ വിളിച്ച് ഡിസ്കഷനൊക്കെ നടന്നതാണ്. കൊല്ലം ഒന്നായി. ഇത് തത്വത്തിൽ അംഗീകരിച്ചുകൊണ്ടാണ് ഈ നടപടികളൊക്കെ നടന്നത്. ഇല്ലെന്നു പറഞ്ഞാൽ എങ്ങനെയാണ് ?

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നേരത്തേ കൊടുത്തിരുന്നത് അനുസരിച്ച് കുറേ ക്ലാരിഫിക്കേഷൻ വേണമെന്നു പറഞ്ഞത് പ്രകാരം 1985 മാർച്ച് മാസത്തിൽ ഹെൽത്ത് സെക്രട്ടറിയെ അവിടെ അയച്ച് ദീർഘമായി ചർച്ചചെയ്യുകയുണ്ടായി. റിവൈസ് ചെയ്ത ഒരു പ്രൊജക്ട് കൊടുത്താൽ അത് നോക്കാമെന്നു പറഞ്ഞതനുസരിച്ച് 1985 ജൂണിൽതന്നെ ഗവൺമെന്റ് വീണ്ടു കൊടുത്തു. ഇപ്പോൾ ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണ്. അത് അംഗീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീണ്ടും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ.പി. പ്രഭാകരൻ : ഏഴാം പദ്ധതിയിൽ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി എന്തെങ്കിലും വിഹിതം ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? അങ്ങനെ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിൽ എങ്ങനെയാണ് ഒരു ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് അംഗീകരിക്കാതെ ഏഴാം പദ്ധതിയിൽ ഈ സംഖ്യ ഉൾക്കൊള്ളിച്ചിട്ടുള്ളത് ?

ശ്രീ. തച്ചടി പ്രഭാകരൻ : ഏഴാം പദ്ധതിയിൽ അതുണ്ടായിരുന്നു. പക്ഷേ പ്രൊജക്ട് വന്നപ്പോൾ അവർ പറഞ്ഞു വളരെ വലുതാണെന്ന്. അത് കൊണ്ടാണ് പ്രൊജക്ടിനെക്കുറിച്ച് ദീർഘമായി ചർച്ചചെയ്യണമെന്ന് പറഞ്ഞത്

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ഹെൽത്ത് സെക്രട്ടറി ഡൽഹിയിൽ പോയി മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായി ചർച്ച ചെയ്തു കേന്ദ്ര ഗവൺമെൻറിൻെറ അനുമതി അതിന് കിട്ടിയിട്ടില്ല.

ശ്രീ. കെ.ടി. കണാരൻ : ആയുർവേദ വൈദ്യ സമ്പ്രദായത്തെ പ്രോൽസാഹിപ്പിക്കാനും പരിപോഷിപ്പിക്കാനും ഈ ഗവൺമെൻറ് നിലവിൽ വന്നതിനു ശേഷം എന്തെല്ലാം നടപടികളാണ് ഈ രംഗത്ത് കൈക്കൊണ്ടിട്ടുണ്ട് എന്നുള്ള കാര്യത്തെക്കുറിച്ച് വിശദീകരിക്കാമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : കേരളത്തിൽ പരമ്പരാഗതമായ ആയുർവേദ ചികിൽസ വളരെ പ്രയോജനകരമായ രീതിയിലാണ് ചെയ്യുന്നത്. നമുക്ക് ഇന്ന് നിലവിലുള്ളത് ഗവൺമെൻറ് ഉടമയിലുള്ള രണ്ട് ആയുർവേദ കോളേജുകളും രണ്ട് സ്വകാര്യ കോളേജുകളുമാണ്. ആയുർവേദ ചികിൽസാ സമ്പ്രദായം കുറേകൂടി പുരോഗതി കൈവരിക്കുന്നതിനുള്ള നിരവധി പരിപാടികളും ആവിഷ്ക്കരിച്ചിട്ടുണ്ട്.

ശ്രീ. കെ.ടി. കണാരൻ : നമ്മുടെ ആയുർവേദ വൈദ്യ സമ്പ്രദായത്തിൽ ഏർപ്പെട്ടിട്ടുള്ള, പരമ്പരാഗത വൈദ്യൻമാരായിട്ടുള്ള നാട്ടിൻപുറങ്ങളിലുള്ള ആയുർവേദ വൈദ്യൻമാരെ അംഗീകരിക്കാനും അവരെ പ്രോൽസാഹിപ്പിക്കാനും കഴിയുന്ന വിധത്തിൽ ഗവൺമെൻറ് ചില പ്രത്യേക നടപടികളും കൈക്കൊള്ളുന്ന കാര്യത്തിൽ ദയയുണ്ടാകുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : നമ്മുടെ ആയുർവേദ മെഡിക്കൽ കോളേജുകളിൽ തന്നെ ആയുർവേദത്തിൻെറ നിലവാരം കുറേക്കൂടി ഉയർത്തുന്നതിനു വേണ്ടി കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുവേണ്ടി അതിൻെറ സിലബസിൽ ആവശ്യമായ മാറ്റങ്ങളും വരുത്തണമെന്ന് പറഞ്ഞു. അതനുസരിച്ചുള്ള പല നിർദ്ദേശങ്ങളും ഗവൺമെൻറിൻെറ പരിഗണനയിലിരിക്കുകയാണ്. അതനുസരിച്ചുള്ള പ്രവർത്തനങ്ങളും തീർച്ചയായും നടത്തുന്നതാണ്.

ശ്രീ. എം.കെ. കേശവൻ : ഈ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ സ്ഥാപിക്കണമെന്ന നിർദ്ദേശം കേരളാ ഗവൺമെൻറ് വയ്ക്കുകയും, കേന്ദ്രം അതിന് അംഗീകാരം നൽകാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ കേന്ദ്ര നേതാക്കൻമാരടക്കമുള്ള ആളുകളും കേരളത്തിലെ ആയുർവേദ ചികിൽസയെ കൂടുതൽ ആശ്രയിക്കുന്ന സാഹചര്യത്തിൽ ഈ ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ സ്ഥാപിക്കുവാൻ ആവശ്യമായിട്ടുള്ള സമ്മർദ്ദം കേന്ദ്ര ഗവൺമെൻറിൽ ചെലുത്തി അത് വാങ്ങിയെടുക്കാൻ ഈ ഗവൺമെൻറ് എന്തൊക്കെ കാര്യങ്ങളും ചെയ്തു. അല്ലെങ്കിൽ എന്തൊക്കെ ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന് പറയാൻ കഴിയുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഞാൻ നേരത്തേ പറഞ്ഞതുപോലെ നമുക്ക് പൂജപ്പുരയിലുള്ളത് ഒരു ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആണ്. അത് നമുക്ക് കുറേക്കൂടി പ്രയോജനകരമായ രീതിയിലാക്കുന്നതിനുള്ള പദ്ധതിയാണ് കേന്ദ്ര ഗവൺമെൻറിൽ ഉള്ളത്. കേന്ദ്ര ഗവൺമെൻറ് അതിന് തന്നിരിക്കുന്ന മറുപടി ഈ സാമ്പത്തിക വർഷത്തിൽ അത് പരിഗണിക്കുന്നതിന് നിർവ്വാഹമില്ലെന്നാണ്. പക്ഷേ കേന്ദ്ര ഗവൺമെൻറ് ഇതുവരെ അത് ഉപേക്ഷിച്ചിട്ടില്ല. ഈ ഗവൺമെൻറ് ആ കാര്യങ്ങളിൽ ഇതിനകം തന്നെ പല സമ്മർദ്ദങ്ങളും നടത്തിയിട്ടുണ്ട്. കേന്ദ്രത്തിൽ നിന്ന് അതിനുള്ള അനുമതി വാങ്ങാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. കെ. കേശവൻ : കഴിഞ്ഞ വെള്ളപ്പൊക്കക്കാലത്ത് കേന്ദ്ര ഗവൺമെൻറ് ആയുർവേദ മരുന്നുകളും വെള്ളപ്പൊക്കംകൊണ്ട് ദുരിതമനുഭവിക്കുന്നവർക്ക് വിതരണം ചെയ്യാൻ വേണ്ടി അനുവദിച്ചിട്ടുണ്ട്. ആ മരുന്നുകളും

LIBRARY ARCHIVES Kerala Legislative Assembly

വിതരണം ചെയ്യുകയും ക്യാമ്പുകൾ നടത്തുകയും ചെയ്തതിൽ ഏറെ പരാതികളുണ്ടായിട്ടുണ്ട്. ആ കാര്യങ്ങളെക്കുറിച്ച് അന്വേഷിച്ച് ഈ പരാതികളിൽ വല്ല കഴമ്പുമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പർ വ്യക്തമായ രീതിയിൽ എഴുതി തന്നാൽ അത് പരിശോധിക്കാം. അല്ലാതെ അത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഡോ. കെ.സി. ജോസഫ് : കുട്ടനാട് താലൂക്കിൽ കമരംകരി എന്ന സ്ഥലത്ത് ഒന്നര ഏക്കർ ഗവൺമെൻറ് ഭൂമിയും കെട്ടിടവും കിടക്കുന്ന സ്ഥലത്ത് ഔഷധച്ചെടികൾ നട്ടുവളർത്തുന്നതിനും അവിടെ ഒരു ആശുപത്രി തുടങ്ങുന്നതിനുമായി പ്രപ്പോസലുണ്ടായിരുന്നു. ഔഷധച്ചെടികൾ നട്ടുവളർത്തി ആയുർവേദത്തെ പ്രോൽസാഹിപ്പിക്കാനും അതിന്റെ പ്രാധാന്യം വർദ്ധിപ്പിക്കാനുമുള്ള പ്രപ്പോസൽ ഉണ്ടായിരുന്നു. അതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്.

ശ്രീ. തച്ചടി പ്രഭാകരൻ : ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഔഷധ ചെടികൾ നട്ടുപിടിപ്പിക്കണമെന്ന നിർദ്ദേശം വന്നാൽ അത് പരിഗണിക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : കേരളത്തിൽ ഒരു ആയുർവേദ യൂണിവേഴ്സിറ്റി വേണമെന്നുള്ള ആവശ്യത്തെ തുടർന്നാണ് കേന്ദ്ര ഗവൺമെൻറ് ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാമെന്ന് തത്വത്തിൽ അംഗീകരിച്ചത്. ലോകം മുഴുവൻ അംഗീകരിച്ചിട്ടുള്ള കോട്ടയ്ക്കൽ ആര്യവൈദ്യശാല, ലോകത്തിലെ ആയുർവേദ ഗ്രന്ഥങ്ങളിൽവച്ച് ഏറ്റവും പ്രാമുഖ്യമുള്ള അഷ്ടാംഗ ഹൃദയം തുടങ്ങിയവപോലുള്ള ഗ്രന്ഥങ്ങൾ രചിച്ച ശ്രീ. വാര്യരുടേയും അഷ്ടാംഗ വൈദ്യൻമാരുടേയുമൊക്കെ നാടാണ്. ഈ നാട്ടിൽ നഷ്ടപ്പെട്ടുപോകുന്ന ആയുർവേദ ചികിൽസാ സമ്പ്രദായത്തിനെ ലോകോടിസ്ഥാനത്തിൽ എത്തിക്കുന്നതിനും അതുപോലെ മറ്റ് പരിഷ്ക്കാരങ്ങൾ വരുത്തുന്നതിനുവേണ്ടിയാണ് ആയുർവേദ യൂണിവേഴ്സിറ്റിയും അതുപോലെ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടും ആവശ്യപ്പെട്ടത്. സംസ്ഥാന ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിനെ സമീപിക്കാതെ തന്നെ ഈ കാര്യത്തിൽ പ്രത്യേക ഇനിഷ്യേറ്റീവ് എടുത്ത് മുതൽ മുടക്കി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : കോട്ടയ്ക്കൽ ആയുർവേദ ആശുപത്രി നല്ല രീതിയിൽ പ്രവർത്തിക്കുന്നു എന്നുള്ളത് ഗവൺമെൻറിന് അറിയാം. പക്ഷേ ഗവൺമെൻറിന്റെ നയമെന്നുള്ള നിലയിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന പൂജപ്പുരയുള്ള ഇൻസ്റ്റിറ്റ്യൂട്ടിനെ പ്രോൽസാഹിപ്പിക്കുകയും, അതിന് ആവശ്യമായ പദ്ധതി ഉണ്ടാകുകയും ചെയ്യുക എന്നുള്ളതായതുകൊണ്ട് ഇതിന് മുൻതൂക്കം കൊടുക്കുക എന്നുള്ളതാണ്. ആയുർവേദ യൂണിവേഴ്സിറ്റി എന്നുള്ളത് ഇതുവരെ ഗവൺമെൻറിന്റെ പരിഗണനയിൽ വന്നിട്ടില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ : വണ്ടിയുടെ മുന്നിൽ കുതിരയെക്കെട്ടുന്നതിനു പകരം കുതിരയുടെ മുന്നിൽ വണ്ടിയെക്കെട്ടുന്നതായിട്ടുള്ള നയമാണോ സംസ്ഥാന ഗവൺമെൻറ് എടുത്തിട്ടുള്ളതെന്ന് സംശയം തോന്നുന്നു. പോസ്റ്റ് ഗ്രാഡ്വേറ്റ് ബോർഡുകൾ ആയുർവേദ കോളേജുകളിലുണ്ട്. സെൻട്രൽ ഗവൺമെൻറിന്റെ സഹായത്തോടുകൂടി അനുവദിച്ചിട്ടുള്ളതാണ് പൂജപ്പുരയിലെ ആയുർവേദ റിസർച്ച് സെൻറർ. ഈ പോസ്റ്റ് ഗ്രാഡ്വേറ്റ് ബോർഡുകൾ മാറ്റി അതൊരു Autonomous Research Institute for treatmen

LIBRARY ARCHIVES Kerala Legislative Assembly

also എന്നുള്ള നിലയിലാക്കിയിട്ട് സംസ്ഥാന ഗവൺമെന്റിന്റെ ഒരു ആട്ടോണോമസ് ഇൻസ്റ്റിറ്റ്യൂഷൻ എന്നുള്ള നിലയിൽ അതിനെ പ്രൊജക്ട് ചെയ്ത് കേന്ദ്ര ഗവൺമെന്റിന്റെ ധന സഹായത്തിനുവേണ്ടി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : 'Central Council of Indian Medicine' നുമായി ചർച്ചചെയ്ത് അവരുടെ പാറ്റേൺ അനുസരിച്ചു വേണം ഈ ഇൻസ്റ്റിറ്റ്യൂഷനുകളുടെ പ്രവർത്തനം നടക്കേണ്ടത്. അതിന് പോസ്റ്റ് ഗ്രാഡ്വേറ്റുകളുടെ സിലബസ്സിൽ തന്നെ കുറേ പോരായ്മകളുണ്ടെന്ന് Central Council of Indian Medicine ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് മാറ്റംവരുത്തി അതിന്റെ കാളിറ്റി വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കുന്നതാണ്.

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്ലാനിംഗ് ആൻറ് മോണിട്ടറിംഗ് സെൽ

* 166. [185] ശ്രീ. ജി. കാർത്തികേയൻ :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ :
,, ബെന്നി ബഹനാൻ :
,, പന്തളം സുധാകരൻ :
,, കെ. രാഘവൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ള പ്ലാനിംഗ് ആൻറ് മോണിട്ടറിംഗ് സെല്ലിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

പട്ടികജാതി-പട്ടിക വർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾ സർക്കാർ ഉദ്ദേശിക്കുന്ന രീതിയിൽ തന്നെ കാര്യക്ഷമമായും ത്വരിതഗതിയിലും നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും അതിന് സഹായകമായ നയപരിപാടികളും മാർഗ്ഗനിർദ്ദേശങ്ങളും കാലാകാലങ്ങളിൽ നിർവ്വഹണ ഏജൻസികൾക്കും ഉദ്യോഗസ്ഥൻമാർക്കും ബന്ധപ്പെട്ട വകുപ്പുകൾക്കും നൽകുകയും പ്രവർത്തനങ്ങളുടെ പുരോഗതി യഥാസമയം വിലയിരുത്തുകയും ഈ സെല്ലിന്റെ പ്രധാന ചുമതലകളിൽപ്പെടുന്നു. ഇതിനായി ബന്ധപ്പെട്ടവരിൽനിന്നും പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ വരുത്തി, ത്രൈമാസികാവലോകനവും വാർഷിക പ്രത്യവലോകനവും വിലയിരുത്തലും നടത്തുന്നുണ്ട്. പ്രത്യേക കേന്ദ്ര സഹായം വിനിയോഗിച്ച് പട്ടികജാതിക്കാർക്കുവേണ്ടി നടപ്പാക്കുന്ന സാമ്പത്തിക കോർപ്പറേഷൻ പരിപാടികൾ ആസൂത്രണം ചെയ്യുകയും അവയുടെ ശരിയായ നടത്തിപ്പിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. പരിപാടികൾ വേഗത്തിൽ ആവിഷ്ക്കരിച്ച് മുൻകാലങ്ങളിലുണ്ടായിട്ടുള്ള തെറ്റുകുറ്റങ്ങൾ പരിഹരിക്കുന്നതിനുവേണ്ട തീരുമാനങ്ങൾ കൈക്കൊള്ളുന്നതും യുക്തമായ നിർദ്ദേശങ്ങൾ നിർവ്വഹണോദ്യോഗസ്ഥൻമാർക്ക് നൽകുന്നതും ഈ സെല്ലിന്റെ ആഭിമുഖ്യത്തിലാണ്.

ശ്രീ. ബെന്നി ബഹനാൻ : ഈ സെല്ലിന്റെ ഘടന എന്താണെന്നും ഇതിലെ അംഗങ്ങൾ ആരൊക്കെയാണെന്നും ഒന്നു വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly